(ബി) പ്രൊട്ടക്ടഡ് എൽ.പി.എസ്.എ. & യു.പി.എസ്.എ .. 83

പ്രൊട്ടക്ടഡ് എച്ച്.എസ്.എ. .. 23

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിൽ കൊല്ലം ജില്ലയിൽ 2011 മാർച്ച് 31-ന് ഉണ്ടാകുന്ന ഒഴിവുകൾ

61 (T2065) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) തസ്തികയിൽ കൊല്ലം ജില്ലയിൽ 2011 മാർച്ച് 31-ാം തീയതി ഉണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണ് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2.

(ബി) 2011-12 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ആനുപാതിക ക്രമത്തിൽ പി.എസ്.സി. മുഖേന നികത്തുവാൻ കഴിയുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

പരിചയസമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി

62 (2066) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30-9-2008-ലെ 2/2701/എച്ച്.എസ്.ഇ. വിജ്ഞാപന പ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം നിയമനങ്ങൾ നടത്തി പരിചയസമ്പന്നരായ അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്നതിന് ഉടനടി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എച്ച്.എസ്.എസ്.റ്റി/എച്ച്.എസ്.എസ്.റ്റി(ജൂനിയർ) തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിനായുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ 30-9-2008-ലെ എ.ഡി.ബി2/2701/എച്ച്.എസ്.ഇ/08 നമ്പർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ഇതിൻപ്രകാരം 17-2-2010-ൽ താല്ക്കാലിക

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇതിനുശേഷം 21-12-2010-ൽ യോഗ്യരായ ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

Condonation അപേക്ഷയിൽ തീർപ്പ്

63 (2067) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം എ.ഇ.ഒ. ഓഫീസിൽ നിന്നും തിരുവനന്തപുരം ഡി.പി.ഐ. ഓഫീസിലേക്ക് 13-2-2009-ന് അയച്ച Condonation അപേക്ഷ ഡി-3922/08 യിന്മേൽ എടുത്ത തീരുമാനം വിശദമാക്കുമോ ;

(ബി) ബന്ധപ്പെട്ടവർക്ക് ഇതുവരെ ഒരു മറുപടിയും നൽകാതിരുന്നത് എന്തുകൊണ്ട് ;

(സി) ഫയൽ വൈകിപ്പിച്ചവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ബന്ധപ്പെട്ട അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ല.

(ബി) അപേക്ഷ ലഭിക്കാത്തതിനാൽ.

(സി) ബാധകമല്ല.

സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പ് എം.ഫിൽ/പി.എച്ച്.ഡി. ബിരുദങ്ങൾ നേടിയിട്ടുള്ള കോളേജ് അദ്ധ്യാപകർ

64 (2068) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിൽ പ്രവേശിക്കുന്നതിനുമുമ്പ് എം.ഫിൽ, അഥവാ പി.എച്ച്.ഡി. ബിരുദങ്ങൾ നേടിയിട്ടുള്ള കോളേജ് അദ്ധ്യാപകർക്ക് 2006 ജനുവരി 1-ന് നിലവിൽവന്ന പുതുക്കിയ യു.ജി.സി. സ്കീം അനുസരിച്ച് ശമ്പളത്തോടൊപ്പം കരിയർ എൻഹാൻസ്മെന്റായി എത്ര അഡ്വാൻസ് ഇൻക്രിമെന്റുകൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് എന്നുമുതൽ സർവ്വീസിൽ പ്രവേശിച്ചവർക്കാണ് അർഹതയുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) 2005 ഡിസംബർ മാസം സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള എം.ഫിൽ അഥവാ പി.എച്ച്.ഡി. ബിരുദം നേടിയിട്ടുള്ള കോളേജ് അദ്ധ്യാപകർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിച്ചതായും 2006 ജനുവരി 1-ാം തീയതിയോ

LIBRARY ARCHIVES Kerala Legislative Assembly